HON'BLE MR. E. K. MADHAVAN : ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർ തരുന്ന കണക്കുകളാണ്. അതു് ശരിയായിരിക്കുമെന്നാണ് വിശ്വാസം.

MR. P. T. CHACKO : ഈ ആറെലികളെ പിടിച്ചുകൊന്ന വീരൻ ആരാണെന്നു പറയാമോ?

HON'BLE MR. E. K. MADHAVAN : ഈ ജോലി ചെയ്യുന്നതിലൊരാൾ.

MR. K. RAMAKRISHNA PILLAI (*Ambalapuzha I—General*) : ഈ എലികളെ കൊല്ലുന്നതിനാണോ ആയിരം രൂപാ ചെലവായതു്?

HON'BLE MR. E. K. MADHAVAN : അല്ല. മറ്റു പല പ്ലേഗുനിവാരണജോലികളുടെ കൂടെ, ഇതും കൂടെ നടത്തി. എന്നല്ലാതെ എലികളെ കൊല്ലുന്നതിനു മാത്രമല്ല ഇത്ര രൂപാ ചെലവുവന്നതു്. അതുകൊണ്ടു പ്ലേഗുനിവാരണജോലിക്കു ആയിരം രൂപാ ചെലവായി എന്നേ അതിനർത്ഥമുള്ളൂ.

MR. MANNAR GOPALAN NAIR : ഒരെലിയെ കൊല്ലുന്നതിനു ശരാശരി എന്തു ചെലവായി എന്നു പറയാമോ?

HON'BLE MR. E. K. MADHAVAN : അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

Textile Inspectors.

* 230. MR. P. S. MOHAMMED (*Muvattupuzha I—Muslim*): Will the Hon'ble Minister for Textiles be pleased.

(*a*) to lay on the table a caste-war statement of Textile Inspectors at present;

(*b*) to lay on the table a caste-war statement of Textile Inspectors during the period of the previous textile control; and

(*c*) to state the number of applicants among the Muslims for the recent appointments of Textile Inspectors?

HON'BLE MR. E. K. MADHAVAN :

(എ) 11 നായർ
11 ഈഴവർ
8 ക്രിസ്ത്യാനികൾ
11 അതർ കാസ്റ്റ് ഹിന്ദുക്കൾ
2 മറ്റു ഹിന്ദുക്കൾ

(ബി) 8 നായർ
11 അതർ കാസ്റ്റ് ഹിന്ദുക്കൾ
11 ഈഴവർ
2 മുസ്ലിംസ്
11 ക്രിസ്ത്യാനികൾ

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MOHAMMED : മുമ്പ് 2 മുസ്ലിംകൾ ഇൻസ്പെക്ടറന്മാരായിരിക്കെ ഇപ്പോൾ ഇൻസ്പെക്ടറന്മാരിൽ മുസ്ലിംകൾ ഇല്ലാതിരിക്കുന്നതിനു പ്രത്യേക കാരണം വല്ലതും ഉണ്ടോ?

HON'BLE MR. E. K. MADHAVAN : പ്രത്യേക കാരണം ഒന്നും ഇല്ല.

MR. K. K. CHELLAPPAN PILLAI (*Mavelikara II—General*) : മുമ്പ് ടെക്സ്റ്റയിൽ ഇൻസ്പെക്ടറന്മാരായിരുന്നവരുടെ മകളിൽ ഇപ്പോഴത്തെ ടെക്സ്റ്റയിൽ ഇൻസ്പെക്ടറന്മാർക്ക് റാങ്ക് കൊടുത്തിട്ടുണ്ടോ?

HON'BLE MR. E. K. MADHAVAN : ഇതേ സംബന്ധിച്ചു അന്വേഷിച്ചു പറയാം.

MR. K. RAMAKRISHNAN ACHARI (*Nedumangad II-Kammala*) : വിശ്വകർമ്മസമുദായത്തിൽനിന്നും ആരെയെങ്കിലും ടെക്സ്റ്റയിൽ ഇൻസ്പെക്ടറന്മാരായി നിയമിച്ചിട്ടുണ്ടോ?

HON'BLE MR. E. K. MADHAVAN : ഇല്ല.

MR. MOHAMMED MUSTAFA : ആകെ എത്ര ഇൻസ്പെക്ടറന്മാരുണ്ട്.

HON'BLE MR. E. K. MADHAVAN : ഏഴു.

MR. MOHAMMED MUSTAFA : അതിൽ മുസ്ലിംകൾ ഉണ്ടോ?

HON'BLE MR. E. K. MADHAVAN : ഇല്ല.

MR. MOHAMMED MUSTAFA : അതിന് പ്രത്യേകകാരണങ്ങളുണ്ടോ?

HON'BLE MR. E. K. MADHAVAN : ഇല്ല.

MR. S. KUTTAN : ഈ ഇൻസ്പെക്ടറന്മാർ പുതുതായി സർവീസിൽ നിയമിക്കപ്പെട്ടവരാണോ? അതോ മറ്റു ഡിപ്പാർട്ടുമെൻറുകളിൽ നിന്നും വന്നവരാണോ?

HON'BLE MR. E. K. MADHAVAN : മറ്റു ഡിപ്പാർട്ടുമെൻറുകളിൽനിന്നും വന്നവരാണ്.

MR. P. C. ADICHAN : അതിൽ പിന്നോക്കസമുദായക്കാർ വല്ലവരും ഉണ്ടോ?

HON'BLE MR. E. K. MADHAVAN : ആ ചോദ്യം വരുമെന്നു പ്രതീക്ഷിച്ചിരുന്നതല്ലാത്തതുകൊണ്ടു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. P. K. KRISHNAN SASTRI : ഇതിലെ മറ്റു ഹിന്ദുക്കൾ ആരാണ്?

HON'BLE MR. E. K. MADHAVAN : അന്വേഷിച്ചു മറുപടി പറയാം.

MR. K. N. SANKUNNI PILLAI : ദേശീയവിരോധങ്ങളായ ചോദ്യങ്ങൾ ചോദിക്കാമോ?

MR. MOHAMMED MUSTAFA : ദേശീയം എന്നു വച്ചാൽ എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. NATARAJA PILLAI: May I know from the Hon'ble Member how many persons were now selected from those who were Textile Inspectors previously ?

HON'BLE MR. E. K. MADHAVAN : അതിനെപ്പറ്റി അന്വേഷിച്ചു പറയാമെ നിവൃത്തിയുള്ളൂ.

MR. P. S. NATARAJA PILLAI: I think that according to the answer, the caste-war statement of Textile Inspectors previously in service is before the Hon'ble Minister. The list of the Textile Inspectors now in service is also before him. He can find it out.

HON'BLE MR. E. K. MADHAVAN: അതു ബഹുമാനപ്പെട്ട മെമ്പർക്കും അറിയാവുന്നതാണല്ലോ.

MR. P. S. NATARAJA PILLAI: Names are not placed before me. I could have very easily got it if names were placed before me.

MR. U. K. VASUDEVAN ASARI : പബ്ലിക്ക് സർവീസ് കമ്മീഷണരാണോ നിയമനം നടത്തിയതു്?

HON'BLE MR. E. K. MADHAVAN : അല്ല, ഗവണ്മെൻറാണു്.

MR. T. A ABDULLA (*Ambalapuzha I— Muslim*) : ഇതിനു് മുൻപു് ടെക്സ്റ്റയിൽ ഇൻസ്പെക്ടറന്മാരെ തുരാണു നിയമിച്ചതു്?

HON'BLE MR. E. K. MADHAVAN : ആ ചോദ്യത്തിനു ഉത്തരം ഞാൻ മുൻപുതന്നെ പറഞ്ഞു കഴിഞ്ഞു.

MR. A. CHIDAMBARANATHA NADAR(*Kalkulam II—Hindu Nadar*): நியமனம் செய்யப்பட்ட டெக்ஸ்டையில் இன்ஸ்பெக்டர்களில் செத்தினாஜ் என்ற ஒருவருண்டா ?

HON'BLE MR. E. K. MADHAVAN : പേരുകൾ ഇവിടെ ഇല്ലാത്തതുകൊണ്ടു എനിക്കു തീച്ചയായി പറയാൻ നിവൃത്തിയില്ല.

MR. U. K. VASUDEVAN ASARI : ഈ നിയമനം നടത്തുമ്പോൾ സാമുദായിക പരിഗണനകൂടി നോക്കാറുണ്ടോ?

HON'BLE MR. E. K. MADHAVAN : സാമാന്യമായി അതും നോക്കാറുണ്ടു്.

MR. U. K. VASUDEVAN ASARI : എന്തൊരു രീതിയിലാണു സാമുദായിക പരിഗണന കൊടുക്കുന്നതു്?

HON'BLE MR. E. K. MADHAVAN : കഴിയുന്നിടത്തോളം എല്ലാ സമുദായങ്ങൾക്കും സാമുദായികനീതി ലഭിച്ചിരിക്കണം എന്ന അടിസ്ഥാനത്തിന്മേൽ.

MR. U. K. VASUDEVAN ASARI : എല്ലാ വിഭാഗക്കാർക്കും ഈ നിയമനത്തിൽ സാമുദായികനീതി ലഭിച്ചിട്ടുണ്ടെന്നു് ബഹുമാനപ്പെട്ട മന്ത്രി വിചാരിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. E. K. MADHAVAN : എല്ലാ വിഭാഗക്കാർക്കും പ്രാതിനിദ്ധ്യം കൊടുക്കാൻ നിവൃത്തിയില്ലാതെ വന്നതുകൊണ്ടു ചിലരെ വിടേണ്ടിവന്നിട്ടുണ്ട്.

MR. A. CHIDAMBARANATHA NADAR : *கடிய மட்டிலும் பிரதிநிதித்துவம் கொடுக்கப்படுவார்கள் என்று நீங்கள் சொன்னீர்கள். ஆனால் நாயர், கிருஸ்துவர், ஈழவர்கள் தான் அந்தப்பட்டிகையில் காணப்படுகிறது.*

MR. U. K. VASUDEVAN ASARI : ഏതെങ്കിലും ഒരു നിയമനം നടത്തുമ്പോൾ ചില സമുദായങ്ങൾക്കു അമിതമായ പ്രാതിനിദ്ധ്യം കൊടുക്കുന്നതു ന്യായമാണെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

HON'BLE MR. E. K. MADHAVAN : അങ്ങനെ കൊടുക്കുന്നതു ന്യായമല്ലെന്നു ഗവണ്മെൻറിനറിയാം.

MR. U. K. VASUDEVAN ASARI : ഇപ്പോൾ നടത്തിയ നിയമനങ്ങളിൽ ചില സമുദായങ്ങൾക്കു അമിതപ്രാതിനിദ്ധ്യം കൊടുത്തിട്ടുണ്ടെന്നു ബോദ്ധ്യമുണ്ടോ?

HON'BLE MR. E. K. MADHAVAN : ഏതെങ്കിലും സമുദായങ്ങൾക്കു അമിതപ്രാതിനിദ്ധ്യം കൊടുത്തിട്ടുണ്ടെന്നു ഗവണ്മെൻറിനു ബോദ്ധ്യമില്ല.

AN HON'BLE MEMBER : പ്രാദേശികപ്രാതിനിദ്ധ്യം കൊടുക്കണമെന്നുള്ള തത്വം ഏതെങ്കിലും നിയമനം നടത്തുമ്പോൾ ഗവണ്മെൻറു സ്വീകരിച്ചിട്ടുണ്ടോ?

HON'BLE MR. E. K. MADHAVAN : ഇല്ല.

MR. MANNATHU PADMANABHA PILLAI : വീട്ടു പ്രാതിനിദ്ധ്യം അനുവദിക്കണമെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

MR. K. K. CHELLPPAN PILLAI (*Mavelikara II—General*) : ഉദ്യോഗനിയമനങ്ങളിൽ സാമുദായികപ്രാതിനിദ്ധ്യത്തെക്കാൾ കാര്യക്ഷമതയേയും സത്യസന്ധതയേയുംകൂടി പരിഗണിക്കേണ്ടതാണെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

HON'BLE MR. E. K. MADHAVAN : തീർച്ചയായും.

MR. A. CHIDAMBARANATHA NADAR : *திருவிதாங்கூரில் நாடார்சமுதாயத்தில் இரண்டு லக்ஷத்துக்கு அதிகம் ஜனத்தொகையுண்டு என்பது தெரியுமா?*

HON'BLE MR. E. K. MADHAVAN : ഉണ്ട്.

Women's Hospital at Alleppey.

*231. MR. P. S. MOHAMMED (*Muvattupuzha I—Muslim*) : Will the Hon'ble Minister for Hospitals be pleased to state :

(*a*) whether there is a proposal for starting a Women's Hospital at Alleppey; and

(*b*) if the answer to part (*a*) is in the affirmative how the proposal stands at present?

LIBRARY ARCHIVES Kerala Legislative Assembly